# മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

ആറാം യുജിസി സ്കീം – പ്രൊഫസർ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം – ഗവൺമെന്റ് ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് – തീയതി ദീർഘിപ്പിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു

================================================================

**അക്കാദമിക് ബി 5 സെക്ഷൻ**

നം. 352/ബി 5/02/2017/അക്കാദമിക് പ്രിയദർശിനി ഹിൽസ്, 11.01.2018

================================================================

പരാമർശം:–
1. G.O.(Rt)No.1867/2017/H.Edn. dated 13.10.2017.
2. Minutes item No.O.A.3 of the meeting of the Standing Committee of the Syndicate on Affiliation and Approval at its meeting held on 03.11.2017.
3. U.O.No.6589/BV/Acad. dated 04.11.2017
4. 29/11/2017 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സിലെ ഇനം നമ്പർ.159/17.15/172487.
5. 28.12.2017 ലെ 7553/ബി 5/അക്കാദമിക്/2017 നമ്പർ സർവ്വകലാശാല ഉത്തരവ്
6. 28.12.2017–ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിട്സിലെ ഇനം നമ്പർ ഒ.എ.12/17.17

**ഉത്തരവ്**

2017 നവംബർ മാസം 3–ാം തീയതി കൂടിയ അഫിലിയേഷനും അപ്രൂവലിനും വേണ്ടിയുള്ള സിൻഡിക്കേറ്റ് സ്റ്റാന്റിങ്ങ് കമ്മിറ്റി 1867/2017/ഉ.വി.വ നമ്പരിലുള്ള ഗവൺമെന്റ് ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അഫിലിയേറ്റഡ് കോളേജുകളിലെ യു.ജി., പി.ജി. വിഭാഗങ്ങളിൽ പ്രൊഫസർ തസ്തികയിലേക്ക് യോഗ്യരായ അസോസിയേറ്റ് പ്രൊഫസർമാരുടെ എണ്ണം നിജപ്പെടുത്തിയ ശേഷം അർഹരായ അസോസിയേറ്റ് പ്രൊഫസർമാർക്ക് യുജിസി റെഗുലേഷൻ 2010 പ്രകാരം സ്ഥാനക്കയറ്റം നൽകാനുള്ള നടപടികൾ തീരുമാനിക്കുകയും , സ്ഥാനക്കയറ്റം ലഭിക്കേണ്ട എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റ ശുപാർശകൾ കോളേജ് പ്രിൻസിപ്പൽമാർ ഡിസംബർ 10 ന് മുമ്പ് സർവ്വകലാശാലയിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ടി തീരുമാനം മഹാത്മാഗാന്ധി സർവ്വകലാശാല ചട്ടം 1985, വകുപ്പ് III.10(17) പ്രകാരം അംഗീകരിച്ച് വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രൊ.വൈസ് ചാൻസലർ ഉത്തരവായിരുന്നു. തദനുസരണം പുറപ്പെടുവിച്ച 04.11.2017 ലെ 6589/BV/Acad നമ്പർ ഉത്തരവും പരാമർശം (4) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുകയും പരാമർശം (5) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

എന്നാൽ 2017 ഡിസംബർ മാസം 28–ാം തീയതി കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (6) പ്രകാരം അദ്ധ്യാപകരുടെ സ്ഥാനക്കയറ്റത്തിനായുള്ള ശുപാർശകൾ സർവ്വകലാശാലയിൽ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപറയുന്ന തീരുമാനം എടുത്തു.

"Resolved to extend the time limit for submitting proposal for promotion/placement of Associate Professors as per U.O No. 6589/BV/Acad dated 04.11.2017 upto March 31st , 2018."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
**ശ്രീരാജ് ആർ**
**അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)**
**(രജിസ്ട്രാർക്കു വേണ്ടി)**

**ഫയൽ നമ്പർ: എ.സി.ബി 5/2/1350/2017**

**പകർപ്പ്:**

1. എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാർക്കും
2. കോളേജ് വിദ്യാഭ്യാസ വകുപ്പ് മേധാവി, തിരുവനന്തപുരം
3. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപമേധാവി കോട്ടയം/എറണാകുളം
4. വൈസ് ചാൻസലറുടെ /പ്രൊ-വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
5. രജിസ്ട്രാറുടെ പി.എ.
6. എസിസി I, II /ഐ.ക്യൂ.എ.സി
7. ലീഗൽ സെക്ഷൻ /സ്റ്റാന്റിങ്ങ് കോൺസൽ
8. സ്റ്റോക്ക് ഫയൽ/ഫയൽകോപ്പി/റെക്കോർഡ്സ്
9. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ.

**ആജ്ഞാനുസരണം**

**സെക്ഷൻ ഓഫീസർ**

**ഫയൽ നമ്പർ: എ.സി.ബി 5/2/1350/2017**